# 07

# "ഈ ഭാവം ഉണ്ടായിരിക്കട്ടെ"

## (2:5-11)

പുതിയ നിയമത്തിലെ ഏറ്റവും വലിയ വെല്ലുവിളിയും–ഏറ്റവും വലിയ ഉപദേശ ഭാഗങ്ങളും ഫിലിപ്പിയർ 2:5–11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ക്രിസ്തുവിന്റെ മനോഭാവം കൽപിച്ചിരിക്കുന്നു (2:5)

**[5]ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.**

**വാക്യം 5.** യേശുവിന്റെ ഭാവം ഉണ്ടായിരിക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. **ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ**. "ഭാവം ... ഉണ്ടാകട്ടെ" തർജിമ ചെയ്തിരിക്കുന്നത് *ഫ്രോനെയോ* യിൽനിന്നാണ്, അർത്ഥം, "ചിന്തിക്കുക, അല്ലങ്കിൽ ഒരു അഭിപ്രായം സ്വീകരിക്കുക."[1] കെജെവിയിൽ, "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ" എന്നാണ്. വേമൗത്ത് തർജിമയിൽ "ക്രിസ്തുയേശുവിലുള്ള മനോഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ."

ഫിലിപ്പിയർ ഐകമത്യപ്പെട്ടിരിപ്പാനായിരുന്നു പൗലൊസ് പ്രബോധിപ്പിച്ചത് (2:1, 2). സ്വാർത്ഥമായ ചിന്ത വെടിഞ്ഞ് മറ്റുള്ളവരെ കുറിച്ച് ചിന്തിക്കുന്നതാണ് ഐക്യതക്കുള്ള മുഖ്യ ഘടകം എന്നാണ് പൗലൊസ് ഊന്നി പറഞ്ഞത് (2:3, 4).

> സ്വാർത്ഥതയുള്ള കണ്ണും, നിഗള ഭാവവും, സ്വയം പ്രശംസിക്കാൻ വെമ്പുന്നവരും, ഒന്നും സംസാരിക്കാത്ത അധരമുള്ളവരും, മറ്റുള്ളവർക്ക് തങ്ങളുടെ ഉള്ളിൽ സ്ഥാനം ഇല്ലാത്തവരും സ്വന്തം കാര്യം മാത്രം നോക്കുന്നവരും ക്രിസ്തുവിന്റെ ശരീരത്തിനു ശരിയല്ലാത്തവരാണ് എന്നു പൗലൊസ് വ്യക്തമാക്കി.[2]

വാസ്തവത്തിലുള്ള സ്വാർത്ഥതയിൽ അടങ്ങിയിരിക്കുന്നത് തന്റെ വായനക്കാരെ മനസിലാക്കി കൊടുപ്പാൻ തീർച്ചയുള്ള ഒരു ഉദാഹരണം കാണിച്ചിരിക്കുന്നു: യേശു (2:5–8). ഫലത്തിൽ, പൗലൊസ് പറഞ്ഞു, "നിങ്ങൾക്ക് കർത്താവിന്റെ ഹൃദയമുണ്ടെങ്കിൽ, നിങ്ങൾ ഐകമത്യപ്പെടും; നിങ്ങൾക്ക് സമാധാനവും യോജിപ്പും ഉണ്ടാകും." ഫിലിപ്പിയർക്കുണ്ടായിരുന്ന വെല്ലുവിളി ഇന്നു നമുക്കും ഉണ്ട്: നമുക്ക് ക്രിസ്തുവിന്റെ മനസും മനോഭാവവും വേണം. നമ്മിൽ ചിലർക്ക് ക്രിസ്തുവിന്റെ കാൽപാടുകളെ അനുഗമിപ്പാൻ പ്രയാസമാണ് (1 പത്രൊസ് 2:21) കാരണം നമുക്ക് ക്രിസ്തുവിന്റെ മനസ് ഇല്ല.

വാക്യം 5 ലെ വലിയ വെല്ലുവിളിയെ തുടർന്ന് വാക്യം 6 മുതൽ 11 വരെ വലിയ ഒരു സന്ദേശം നൽകുന്നു. യേശുവിനെ കുറിച്ച് ഏറ്റവും പ്രധാനപ്പെട്ട

വസ്തുതകൾ ഈ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഈ വേദഭാഗത്തെ ജെറാൾഡ് എഫ്. ഹാവ്ത്രോൺ ഇങ്ങനെ പറഞ്ഞിരിക്കുന്നു, "ഈ ലേഖനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം," ഫിലിപ്പിയരോട് പ്രഖ്യാപിച്ചിരിക്കുന്നത് "[പുതിയനിയമത്തിൽ] ക്രിസ്തുവിനെ പോലെ ആകുക എന്നത് സമാനതകളില്ലാത്ത മുത്ത് ആണ്."[3]

## ക്രിസ്തുവിന്റെ ഭാവം വെളിപ്പെടുത്തിയിരിക്കുന്നു (2:6-8)

**[6]അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ [7]ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി [8]തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണം ഉള്ളവനായി തീർന്നു.**

2:6–11 ഉദ്ധരിച്ചുകൊണ്ടാണ് ഒരു പ്രാരംഭ ഗീതം രചിച്ചിരിക്കുന്നത് എന്നു പലരും വിശ്വസിക്കുന്നു, അതിനെ "ക്രിസ്തു–ഗീതം" എന്നറിയപ്പെടുന്നു. ആ വേദഭാഗത്തെ സ്വാഭാവികമായി രണ്ടായി തിരിച്ചിരിക്കുന്നു: ക്രിസ്തുവിനെ തരം താഴ്ത്തുന്നതും (2:6–8) ക്രിസ്തുവിനെ ഉയർത്തുന്നതും (2:9–11). ആദ്യഭാഗത്ത് ചിത്രീകരിക്കുന്നത് ക്രിസ്തുവിന്റെ മനോഭാവത്തെയാണ്; രണ്ടാമത്തെ ഭാഗം എന്തുകൊണ്ട് അത്തരം മനോഭാവം ഉണ്ടാകണം എന്നു പറഞ്ഞിരിക്കുന്നു.

മുന്നറിയിച്ചിരിക്കുന്നു: ഈ വേദഭാഗം ഫിലിപ്പിയ ലേഖനത്തിൽ പ്രധാനപ്പെട്ടതുമാത്രമല്ല, വാദവിഷയമാക്കുന്നതുമാണ്. ഒരു എഴുത്തുകാരൻ അഭിപ്രായപ്പെട്ടു, "ഈ വേദഭാഗത്തെ കുറിച്ച് വ്യാഖ്യതാക്കൾക്കിടയിലെ വ്യത്യസ്തമായ അഭിപ്രായങ്ങൾ വിദ്യാർത്ഥിയെ നിരാശയിലേക്കും ബുദ്ധിപരമായ സ്തംഭനത്തിലേക്കുമാണ് നയിക്കുന്നത്."[4] "രൂപം," "ഗ്രഹിക്കുവാനുള്ള കാര്യം," "ഒഴിച്ചു" എന്നിവയുടെ അർത്ഥം വ്യാഖ്യാതാക്കളെ വിഷമിപ്പിച്ചിട്ടുണ്ട്. വാക്കുകളുടെ അർത്ഥത്തിന്റെ കാര്യത്തിൽ വിവാദങ്ങളുണ്ടെങ്കിലും, വേദഭാഗത്തിലെ സന്ദേശത്തിന്റെ കാര്യത്തിൽ വലിയ വിവാദങ്ങൾ ഒന്നുമില്ല: സ്വർഗം വിട്ട് നമുക്ക് വേണ്ടി മരിപ്പാൻ ഭൂമിയിലേക്ക് യേശു വന്നതു നമ്മെ സ്നേഹിച്ചതു നിമിത്തമായിരുന്നു!

**വാക്യം 6.** യേശു മുമ്പെയുള്ളവൻ എന്നു പറഞ്ഞുകൊണ്ടാണ് "ക്രിസ്തു ഗീതം" ആരംഭിക്കുന്നത്: **അവൻ ദൈവരൂപത്തിൽ ഇരുന്നു.** യേശു ഈ ഭൂമിയിലേക്ക് വരുന്നതിനു മുൻപ് അവൻ സ്വർഗത്തിൽ ദൈവത്തോടുകൂടെയായിരുന്നു. അവന്റെ മുമ്പെയുള്ള അവസ്ഥ സൂചിപ്പിക്കുന്ന വേദഭാഗങ്ങളാണ്, യോഹന്നാൻ 1:1, 2; 17:5; 2 കൊരിന്ത്യർ 8:9; കൊലൊസ്യർ 1:15–17; എബ്രായർ 1:2, 3.

*മുൻപ് അവൻ ദൈവരൂപത്തിലായിരുന്നു.* "രൂപം" എന്നതിനു രണ്ട് ഗ്രീക്കുവാക്കുകളാണ് 2:6–8 ൽ ഉപയോഗിച്ചിരിക്കുന്നത്: (*മോർഫെ*; 2:6, 7) (*സ്കേമാ*; "പ്രത്യക്ഷത"; 2:8). ഗ്രീക്കുകാർ ആ വാക്കുകളെ മാറിമാറി ആണ് ഉപയോഗിച്ചിരിക്കുന്നത്, നമ്മുടെ വേദഭാഗത്തിൽ വ്യത്യസ്തമായാണ് ഉപയോഗിച്ചിരിക്കുന്നത്. സന്ദർഭത്തിൽ, *മോർഫെ* ഒരു വ്യക്തിയുടേയോ അല്ലെ

ങ്കിൽ വസ്തുവിന്റെയോ മാറ്റമില്ലാത്ത അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ *സ്കേമാ* പുറമെയുള്ളതും മാറുന്നതുമായ അവസ്ഥയെയാണ് പറയുന്നത്.[5] "ദൈവരൂപം [*മോർഫെ*]" എന്ന പ്രയോഗത്തെ കുറിച്ച് റിച്ചാർഡ് ബി. ഗഫിൻ. ജൂനിയർ., എഴുതിയത് "ദൈവത്തിന്റെ യോഗ്യതകളുടെ ആകത്തുകയാണ് ... ദൈവം."[6] അസംഖ്യം തർജിമകളിൽ "ദൈവസ്വഭാവം," "ദൈവികമായ സ്വഭാവം," അല്ലെങ്കിൽ അതിനു തുല്യമായതാണ് (എൻഈബി; ഫിലിപ്സ്; ഗുഡ്സ്പീഡ്; മൊഫാറ്റ്). എൻസിവി പറയുന്നു, "ക്രിസ്തു എല്ലാറ്റിലും ദൈവത്തെ പോലെ ആയിരുന്നു." യേശുവിന് ദൈവത്തോട് തുല്യതയുണ്ടായിരുന്നു എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. അപ്പൊസ്തലൻ പറഞ്ഞതെല്ലാം വ്യക്തമാക്കുന്നത് യേശു വാസ്തവത്തിൽ ദൈവം ആയിരുന്നു എന്നാണ്!

"ദൈവരൂപത്തിൽ" ഇരിക്കുക എന്നാൽ സ്വർഗത്തിലെ ദൈവവുമായി തുല്യനായിരിക്കുക എന്നാണർത്ഥം. ക്രിസ്തുവിനുള്ള ആദരവും, ബഹുമതിയും അവൻ ആസ്വദിച്ച അത്ഭുതങ്ങളും നമുക്ക് ഊഹിക്കുവാൻ മാത്രമെ കഴിയു. യോഹന്നാൻ 17 ലെ പിതാവിനോടുള്ള യേശുവിന്റെ പ്രാർത്ഥനയിൽ, പറയുന്നത് "ലോകം ഉണ്ടാകും മുമ്പെ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വം" എന്നാണ് (യോഹ. 17:5). തനിക്ക് എന്താണ് ഉപേക്ഷിക്കേണ്ടിവന്നത് എന്നു മനസിലാക്കുന്നതുവരെ കർത്താവിന്റെ നിസ്വാർത്ഥത നമുക്ക് മനസിലാക്കുവാൻ കഴിയുകയില്ല.

"ദൈവരുപത്തിലിരിക്കുക" എന്ന അനുഗ്രഹം യേശു ആസ്വദിച്ചിരുന്നു എങ്കിലും **ദൈവത്തോടുകൂടിയുള്ള സമത്വം അവൻ മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിച്ചില്ല**. മൂല ഭാഷയിൽ, "പിടിച്ചുകൊള്ളുക" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് *ഹാർപോഗ്മോസ്* എന്നാണ്. *ഹാർപാസോ* എന്ന ക്രിയയിൽ നിന്നു വന്നതാണ് അത്, അർത്ഥം "പിടിക്കുക ...; ശക്തിയാൽ എടുക്കുക, പിടിച്ചെടുക്കുക."[7] "താൽപര്യത്തോടുകൂടെ ഒരു കാര്യം മനസിലാക്കുന്നതിനും" *ഹാർപാഗ്മോസ്* ഉപയോഗിച്ചിട്ടുണ്ട്.[8] "സ്വർഗീയ ബഹുമതിയായ തന്റെ സ്ഥാനം മുറുകെ പിടിക്കേണം എന്നു യേശു വിചാരിച്ചില്ല." ജെ. ബി. ലൈറ്റ്ഫുട്ട് പറഞ്ഞതനുസരിച്ച്, "ഇത് പൊതുവായതും ഗ്രീക്ക് പിതാക്കന്മാരുടെ സാർവ്വലൗകികമായ വ്യാഖ്യാനമാണ്, അത് ഭാഷാപരമായി ഏറ്റവും ഉചിതമായതുമാണ്."[9]

**വാക്യം 7**. എന്നാൽ (തന്റെ സ്വർഗീയ സ്ഥാനം പിടിച്ചുകൊള്ളാതെ) യേശു **തന്നെത്താൻ ഒഴിച്ചു ദാസ-രൂപമെടുത്ത്, മനുഷ്യസാദൃശത്തിലായി**. "തന്നെത്താൻ ഒഴിച്ചു" എന്ന പ്രയോഗം പണ്ഡിതന്മാരെ വശീകരിച്ചിരിക്കുന്നു. അവൻ "തന്നെത്താൻ ഒഴിച്ചത് എന്താണ്?" എന്നതിന്മേൽ വിവാദങ്ങൾ ഉയർന്നിട്ടുണ്ട്. "ഒഴിച്ചു" എന്ന വാക്ക് തർജിമ ചെയ്തത് *കെനൂ* എന്നും അത് അറിയ-പ്പെടുന്ന "കെനോട്ടിക്" എന്ന അവതാര സിദ്ധാന്തത്തിനു കാരണമാകുകയും ചെയ്തിരിക്കുന്നു. ആ ഉപദേശം അനുസരിച്ച്, യേശു ഭൂമിയിൽ വന്നപ്പോൾ, അവൻ തന്റെ അടിസ്ഥാന ദൈവിക ഗുണങ്ങളെ "തന്നെത്താൻ ഒഴിച്ചു" (എല്ലാം അല്ലെങ്കിൽ മിക്ക ഗുണങ്ങളും) അതു വൈപരീത്യമുളവാക്കുന്നതാണ്, കാരണം അവൻ ഭൂമിയിൽ വന്നപ്പോഴും, ദൈവം ആയിരുന്നു എന്ന് മറ്റു വേദഭാഗങ്ങൾ വ്യക്തമാക്കുന്നു.

"ദൈവം ജഡമായിതീർന്നു നമ്മുടെയിടയിൽ പാർത്തു" എന്നാണ് യോഹന്നാൻ പ്രഖ്യാപിച്ചിരിക്കുന്നത് (യോഹ. 1:1, 14). " 'ദൈവം നമ്മോടുകൂടെ'

എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' " എന്നാണ് യേശുവിനെ വിളിക്കേണ്ടത് എന്നു ദൂതൻ യോസേഫിനോട് പറഞ്ഞിരുന്നു (മത്താ. 1:23). തോമസ് ക്രിസ്തുവിനെ വിളിച്ചത് "എന്റെ ദൈവവും കർത്താവുമായുള്ളോവേ!" എന്നാണ് (യോഹ. 20:28). അവതാര ഉപദേശം പറയുന്നത് യേശു മുഴുവൻ ദൈവവും മുഴു വൻ മനുഷ്യനുമായിരുന്നു. യേശു ഭൂമിയിലേക്ക് വന്നപ്പോൾ "മനുഷ്യത്വം" എടുത്തു എങ്കിലും (ദൈവികത്വം) ഉപേക്ഷിച്ചിരുന്നില്ല എന്നാണ്.

പിന്നെ അവൻ തന്നെത്താൻ ഒഴിച്ചത് എന്താണ്? നിറയെ ഊഹാപോഹ ങ്ങൾ ഉണ്ട്. കെജെവി തർജിമക്കാർ വിചാരിച്ചത് അവൻ "തന്നെത്താൻ ഒഴി ച്ചത്" സ്വർഗീയ "ബഹുമതി" ആയിരുന്നു എന്നാണ്. എൻഏഎസ്ബിയുടെ ചില അച്ചടികളുടെ മാർജിൻ കുറിപ്പിൽ "അവന്റെ നേട്ടങ്ങളെ നീക്കി വെച്ചു" എന്നാണ്. ലൈറ്റ്ഫുട്ട് എഴുതിയത് അവൻ "ദൈവികമായ പ്രത്യേക അവകാ ശങ്ങളും മഹത്വങ്ങളും" ഉരിഞ്ഞു കളഞ്ഞു എന്നാണ്.[10] യേശു തന്നെത്താൻ ഒഴിച്ചതു ഏതു യോഗ്യതയാണെന്ന് വേദഭാഗത്തിൽ പറയാത്തതിനാൽ, ന മുക്ക് വളരെ കുറച്ചു മാത്രമെ ഊഹിക്കുവാൻ കഴിയു. ഈ വാക്യത്തിലെ ആദ്യഭാഗത്തെ വിശദമാക്കുവാൻ വാക്യം 7 ന്റെ അവസാനഭാഗം എടുക്കു ന്നതായിരിക്കും നല്ലത്. അവൻ "മനുഷ്യവേഷം എടുത്ത് മനുഷ്യ സാദൃശ്യ ത്തിലാകുവാനായിരുന്നു" "തന്നെത്താൻ ഒഴിച്ചത്." സിജെബി പറയുന്നത് "*അതിൽ* അവൻ തന്നെത്താൻ ഒഴിച്ചത് ദാസരൂപം *എടുക്കേണ്ടതിന്* ആയി രുന്നു" എന്നാണ് (എംഫസിസ് ആഡഡ്).

"ദാസ-ൻ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഡൗലൊസ്* ആണ്,, അത് അടിമ എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നതാണ്. വാക്യം 6 ൽ ഉപ യോഗിച്ചിരിക്കുന്ന അതേ അർത്ഥത്തിലാണ് ഇവിടെ പറഞ്ഞിരിക്കുന്ന "രൂപം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്. യേശുവിനു ദൈവത്തിന്റെ എല്ലാ ഗുണങ്ങളും ഉണ്ടായിരുന്നു; ഭൂമിയിൽ യേശു ദാസന്റെ എല്ലാ ഗുണങ്ങളും എടുത്തിരുന്നു. യേശു തന്റെ കാലത്തെ ദാസ കുലത്തിൽ ജനിച്ചവനായി രുന്നില്ല; എന്നാൽ അവൻ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനും അനുസരിക്കുന്നതിനും ദാസനായി തീരുകയായിരുന്നു. തൽഫലമായി മനുഷ്യരുടെ ആവശ്യങ്ങൾക്കും അവൻ ദാസനായി തീർന്നു-പ്രത്യേകിച്ച് രക്ഷക്ക്. യേശുവിന്റെ ദാസ്യത്വത്തെ കുറിച്ചു പല വേദഭാഗങ്ങളും പറയുന്നു (മത്താ. 20:28; മർ. 10:45; ലൂക്കൊ. 22:27). യേശുവിന്റെ ദാസ്യത്വത്തിന്റെ നല്ല ഉദാഹരണമാണ്, അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയത് (യോഹ. 13:5). അന്തരം വളരെ വ്യക്തമാണ്; (ഏറ്റവും ഉയർന്ന സ്ഥാനം ഊഹിക്കാ വുന്നതാണ്) ദാസനായി തീരുക എന്നത് (ഊഹിക്കാവുന്ന ഏറ്റവും താഴ്ന്ന സ്ഥാനമാണ്). 2 കൊരിന്ത്യർ 8:9 ലെ പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും നിങ്ങൾ നി മിത്തം ദരിദ്രനായി തീർന്നു."

മനുഷ്യ സാദൃശ്യത്തിലായതു മുതലായിരുന്നു യേശു താഴോട്ട് സഞ്ചരി പ്പാൻ തുടങ്ങിയത്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം, ചിലർ "പോലെ" എന്ന വാക്ക് എടുത്ത് യേശു വാസ്തവത്തിൽ മനുഷ്യനായിരുന്നില്ല, മനുഷ്യനെ പോ ലെ ആയിരുന്നു എന്നു പഠിപ്പിച്ചിരുന്നു-മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവൻ ഒരിക്കലും യഥാർത്ഥ മനുഷ്യനായിരുന്നില്ല എന്നാണ്. അത്തരം തെറ്റായ ചിന്തയെ എതിർത്തുകൊണ്ട് യോഹന്നാൻ പറഞ്ഞു, "യേശു *ജഡമായി* തീർന്നു" (യോഹ. 1:14; ഏംഫസിസ് ആഡഡ്). "യേശുക്രിസ്തു *ജഡത്തിൽ*

*വന്നു* എന്നു സ്വീകരിക്കുന്ന ഏതൊരാത്മാവും ദൈവത്തിൽനിന്നുള്ളത്" എന്നാണ് യോഹന്നാൻ എഴുതിയത് (1 യോഹ. 4:2; എംഫസിസ് ആഡഡ്). യേശുവിന്റെ മനുഷ്യത്വം എന്നത് മായയല്ല, യാഥാർത്ഥ്യമായിരുന്നു എന്നു ധാരാളം വേദഭാഗങ്ങൾ തെളിവു നൽകുന്നു. ഉദാഹരണമായി എബ്രായ ലേഖകൻ പറയുന്നു, "*സകലത്തിലും* തന്റെ സഹോദരന്മാരോട് സദൃശനായി തീരുവാൻ ആവശ്യമായിരുന്നു" (എബ്രാ. 2:17; എംഫസിസ് ആഡഡ്). ഇവിടെ പറയുന്ന "പോലെ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് എബ്രായർ 2:17 ൽ അതേ മൂല ഗ്രീക്ക് വാക്ക് *ഹോമോയിയൂ* തന്നെയാണ്.

പൗലൊസ് എന്തിനാണ് "പോലെ" എന്ന വാക്ക് ഉപയോഗിച്ചത്? അത് യേശു മറ്റു മനുഷ്യരെ പോലെ ആയിരുന്നു എന്നതിനു ഊന്നൽകൊടുക്കുന്നതിനായിരുന്നു, അതേസമയത്ത് അവൻ പൂർണ്ണദൈവവുമായിരുന്നതിനാൽ വ്യത്യസ്തനുമായിരുന്നു എന്നു ചിലർ കരുതുന്നു. ഇതാ ഒരു ലളിതമായ വിശദീകരണം: "ആയി തീർന്നു" എന്നു തർജിമ ചെയ്ത ഗ്രീക്ക് വാക്ക് *ജിനോമായി* ആണ്, അർത്ഥം "ജനിക്കുക."[11] ആർഎസ്‌വിയിൽ "മനുഷ്യനെ പോലെ ജനിച്ചവൻ" എന്നാണ്. ഒരുപക്ഷെ യേശുവിന്റെ ഭൂമിയിലേക്കുള്ള വരവിനെയായിരിക്കാം "മനുഷ്യനെ പോലെ ആയി തീർന്നു" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്: എല്ലാ മനുഷ്യരേയും പോലെയായിരുന്നു അവനും ജനിച്ചതു.

ഇവിടെ മനുഷ്യരുമായി യേശുവിനുള്ള സാമ്യതയെയാണ് അല്ലാതെ സാമ്യതയില്ലായ്മയെയല്ല വിവരിക്കുന്നത്. യേശുവിന് ഒരു ദൂതനെ പോലെ വന്നു മനുഷ്യരെ അതിശയിപ്പിക്കുവാൻ കഴിയുമായിരുന്നു. അവന് ദൈവത്തെ "പോലെ" വരുവാൻ കഴിയുമായിരുന്നു, ജനം അങ്ങനെ അവനെ നമസ്ക്കരിക്കുകയും ചെയ്യുമായിരുന്നു. എങ്ങനെയായിരുന്നാലും, അവനു തന്റെ ദൗത്യം നിറവേറ്റണമെന്നുണ്ടായിരുന്നു എങ്കിൽ, അവൻ "മനുഷ്യ സാദൃശ്യത്തിൽ" തന്നെ വരണമായിരുന്നു (റോമർ 8:3 നോക്കുക). യേശു നമ്മെ പോലെ ആയതുകൊണ്ട്, അവന് നമ്മോട് സഹതപിക്കുവാനും നമ്മെ സഹായിക്കുവാനും കഴിഞ്ഞു (എബ്രാ. 2:17, 18; 4:15, 16). ഏറ്റവും പ്രധാനമായി നമുക്ക് വേണ്ടി മരിപ്പാൻ കഴിഞ്ഞു എന്നതാണ് (1 കൊ. 15:3).

**വാക്യം 8**. ക്രിസ്തുവിനെ മനുഷ്യർക്ക് തിരിച്ചറിയിക്കൽ തുടരുന്നു. വാക്യം തുടങ്ങുന്നത്, **മനുഷ്യനായി വിളങ്ങി** എന്നാണ്. "വിളങ്ങി" എന്നത് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് *സ്കേമാ* രണ്ടാം പ്രാവശ്യമാണ് 2:6–8 ൽ "രൂപം" എന്ന അർത്ഥത്തിൽ ഈ വാക്യത്തിൽ കാണുന്നത്. ഈ വാക്ക് മുൻപ് നാം ശ്രദ്ധിച്ചതുപോലെ, "മാറുന്ന പുറമെയുള്ള പ്രത്യക്ഷതയാണ്." യേശുവിന്റെ സ്വഭാവം ഒരിക്കലും മാറാത്ത *മോർഫെ* ആണ്; എന്നാൽ ശൈശവപ്രായത്തിൽനിന്നു, ബാല്യത്തിലേക്കും, പുരുഷത്വത്തിലേക്കും വളർന്നപ്പോൾ അവന്റെ പ്രത്യക്ഷത (*സ്കേമാ*) മാറി. ക്രിസ്തു മനുഷ്യനായി മനുഷ്യർക്കിടയിൽ നടന്നപ്പോൾ, അവന്റെ ജീവിതവും ശുശ്രൂഷയും മനുഷ്യരുടെ വേദനയും ദുഃഖവും നിറഞ്ഞതായിരുന്നു (യെശ. 53:3).

"മനുഷ്യനായി വിളങ്ങി" എന്നതു യേശുവിന്റെ താഴോട്ടുള്ള യാത്രയുടെ അവസാനം ആയിരുന്നില്ല. അവനു പിന്നെ കാൽവരിയിലെ വഴിയിൽ താഴോട്ട് സഞ്ചരിക്കേണ്ടിയിരുന്നു. **തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു.**

യേശുവിന് മരിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. ഹാനോക്കും (ഉല്. 5:24; എബ്രാ. 11:5) ഏലിയാവും (2 രാജാ. 2:11), മരണം കൂടാതെ എടുക്കപ്പെട്ടിരുന്നു.

അതുപോലെ യേശുവിനും ആകാമായിരുന്നു (യോഹ. 10:18 നോക്കുക). എങ്ങനെയായാലും, നിത്യജീവന്റെ പ്രത്യാശ നൽകുവാൻ അവൻ മരിക്കണമായിരുന്നു (1 കൊ. 15:3). അതുകൊണ്ട് അവൻ "മരണത്തോളം തന്നെത്താൻ താഴ്ത്തി"–സാധാരണ മരണമായിരുന്നില്ല, ഏറ്റവും ക്രൂരമായ മരണമായിരുന്നു അത്. പാർസികളിൽനിന്നും ഫൊയിനിക്യക്കാരിൽ നിന്നും എടുത്ത് റോമാക്കാർ പൂർത്തിയാക്കിയതായിരുന്നു അവനെ ക്രൂശിൽ തറച്ച നടപടി. യെഹൂദന്മാർക്ക് അത് ലജ്ജയുടെ ചിഹ്നമായിരുന്നു (ആവ. 21:23; ഗലാ. 3:13). ജാതികൾക്ക് അത് നിന്ദയും മൗഢ്യവുമായിരുന്നു (1 കൊ. 1:23). "റോമാക്കാരുടെ മര്യാദയുള്ള സമൂഹത്തിൽ സംഭാഷണത്തിൽ പോലും വരാത്ത സഭ്യമല്ലാതിരുന്ന വാക്കായിരുന്നു 'ക്രൂശ്.' "[12] "മനുഷ്യരെ തരംതാഴ്ത്തുന്നതിന്റെ അവസാന വാക്കായിരുന്നു"[13] ക്രൂശ്. അത് "ദൈവസിംഹാസനത്തിൽനിന്നു കോണിയിലെ പടികളിറങ്ങി താഴെ എത്തുന്നതായിരുന്നു."[14]

അത്തരത്തിൽ തരംതാഴ്ത്തുന്നതും വേദനാജനകവുമായി മരണത്തിന് യേശു തയ്യാറായത് എന്തുകൊണ്ടാണ്? അവൻ നമ്മെ സ്നേഹിച്ചതുകൊണ്ടാണെന്നു ബൈബിൾ പറയുന്നു (ഗലാ. 2:20). ദൈവത്തിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുക എന്നതായിരുന്നു മറ്റൊരു കാരണം വേദഭാഗം നൽകുന്നത്. അവൻ "മരണത്തോളം *അനുസരണം* ഉള്ളവനായി തീർന്നു" (എംഫസിസ് ആഡഡ്). തന്റെ വ്യക്തിപരമായ ശുശ്രൂഷക്കിടയിൽ യേശു പറഞ്ഞു, "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്‌വാൻ സ്വർഗത്തിൽനിന്നു ഇറങ്ങി വന്നിരിക്കുന്നത്" (യോഹ. 6:38). ഗെദ്ശെമന തോട്ടത്തിൽ വെച്ച് വരുവാനുള്ളതിനെ ഓർത്ത് സംഘർഷം അനുഭവപ്പെടുകയും അവസാനം ഈ വാക്കുകളാൽ അവൻ പ്രാർത്ഥിക്കുകയും ചെയ്തു: "... എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ" (ലൂക്കൊ. 22:42). അവസാനം അവൻ, "മരണത്തിലേക്ക്–ക്രൂശിലേക്കുള്ള പാതയിൽ നടന്നു പോയി" (ഫിലി. 2:8; റ്റിഇൗവി). ദൈവത്തിന് കീഴ്പ്പെട്ടതിലൂടെയാണ് യേശു നമുക്കു വേണ്ടി യാഗമായി തീർന്നത്.

## ക്രിസ്തുവിന്റെ മനോഭാവത്തിന് പ്രതിഫലം ലഭിച്ചു (2:9-11)

**9അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിന്നും മേലായ നാമം നൽകി; 10അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും 11ഏല്ലാ നാവും യേശുക്രിസ്തു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടി വരും.**

**വാക്യം 9–11.** ക്രിസ്തുവിന്റെ മനോഭാവം വെളിപ്പെടുത്തിയശേഷം, അവന്റെ മനോഭാവത്തിന് എങ്ങനെ പ്രതിഫലം ലഭിച്ചു എന്നു പൗലൊസ് പറയുന്നു. **അക്കാരണത്താൽ** [യേശു ദൈവമുൻപാകെ താഴുവാൻ തയ്യാറായതുകൊണ്ട്] **ദൈവം അവനെ ഏറ്റവും ഉയർത്തി**. യേശു തന്നെത്താൻ ഉയർത്തിയില്ല; ഒരു ദാസനെ മറ്റൊരാൾ വേണം ഉയർത്തുവാൻ. "ഏറ്റവും ഉയർത്തി" എന്നത് തർജിമ ചെയ്തിരിക്കുന്നത് സംയുക്ത ഗ്രീക്ക് വാക്ക് *ഹുപെരുപ്സൂ*, അതിനെ യോജിപ്പിച്ചിരിക്കുന്നത് "മേൽ" അല്ലെങ്കിൽ "മുകളിൽ"

എന്നർത്ഥമുള്ള (*ഹുപെർ*) എന്നും "ഉയർത്തുക" എന്നർത്ഥമുള്ള (*ഹുപ്സൂ*) എന്നുമാണ്. *ഹുപർ* എന്നതിനു തുല്യമായ ലാറ്റിൻ വാക്കാണ് "സൂപ്പർ." "ദൈവം യേശുവിനെ ഏറ്റവും ഉയർത്തി!" ഭൂമിയിലേക്ക് വരുന്നതതിനു മുൻപ് സ്വർഗത്തിൽ അവൻ ആസ്വദിച്ചിരുന്ന ഉയർന്ന സ്ഥാനത്തേക്ക് അവനെ യഥാസ്ഥാനപ്പെടുത്തി. അവനെ തരം താഴ്ത്തിയത് പടിപടിയായിട്ടായിരുന്നു എങ്കിൽ, അവനെ ഉയർത്തിയത് ഒറ്റയടിക്കായിരുന്നു. അവനെ ഉയർത്തിയതിൽ, ഉയർത്തെഴുന്നേൽപും, സ്വർഗാരോഹണവും തേജസ്ക്കരണവും ഉൾപ്പെട്ടിരുന്നു–എന്നാൽ ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത് ദൈവത്തിന്റെ വലത്തുഭാഗത്തുള്ള തേജസ്ക്കരണത്തിനാണ്. "യേശു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു പിതാവിന്റെ വലത്തുഭാഗഗത്ത് ഇരുന്നു" (മർ. 16:19).

സ്വർഗത്തിൽ, ദൈവം **അവനു സകല നാമത്തിലും മേലായ നാമം നൽകി**. "മേലായ" എന്നത് വാക്യത്തിന്റെ ആരംഭത്തിൽ തർജിമ ചെയ്തിരിക്കുന്നത് "ഉയർന്ന" (*ഹുപർ*) എന്ന വാക്കാണ്. അവനു നൽകിയ "നാമം" എന്താണെന്ന് നമുക്ക് തീർച്ചയില്ല. ഇപ്പോൾ അത് ദൈവത്തിനു മാത്രമെ അറിയാവു എന്നാണ് ചിലർ കരുതുന്നത്. അങ്ങനെ ആയിരിക്കാം, എന്നാൽ തന്റെ വായനക്കാരുടെ മനസിൽ യേശുവിനെ ഉയർത്തി കാണിക്കുവാൻ പൗലൊസ് ശ്രമിക്കുമ്പോൾ, അത്തരം നിഗമനം അപ്രായോഗികമാണെന്നു തോന്നുന്നു. പൗലൊസ് അർത്ഥമാക്കിയത് "യേശു" എന്ന നാമം ആണെന്ന വിശ്വാസത്തിലേക്ക് വാക്യം 10 നമ്മെ നയിക്കുന്നു. പല എഴുത്തുകാരും വിചാരിക്കുന്നത് "നാമം" എന്നു പറയുന്നത് ഒരു "പദവി" ആണെന്നാണ്, അവർ ഇഷ്ടപ്പെടുന്ന പദവി "കർത്താവ്" എന്നതാണ്[15] (2:11). മുഴുവൻ പദവി "കർത്താവായ യേശുക്രിസ്തു" എന്നു പറയുവാനാണ് മറ്റുള്ളവർ ഇഷ്ടപ്പെടുന്നത്. "നാമം" തിരിച്ചറിയിക്കുക എന്നത് ആവശ്യമില്ലാത്ത കാര്യമാണ്; "എല്ലാ നാമത്തിലും മേലായ നാമം" അവനു നൽകി എന്നു മാത്രം നാം അറിഞ്ഞാൽ മതി. ഭൂമിയിൽ യേശു തരം താഴ്ത്തപ്പെട്ടു; സ്വർഗത്തിൽ അവൻ ഉയർത്തപ്പെട്ടു. ഭൂമിയിൽ ദാസന്മാരിൽ ഏറ്റവും താഴ്ന്നവനായിരുന്നു; സ്വർഗത്തിൽ, അവന് എല്ലാ നാമത്തിലും മേലായ നാമം ലഭിച്ചു.

യേശുവിനെ ദൈവം ഉയർത്തിയതുകൊണ്ട്, സകലജാതികളും അവനെ ഘോഷിക്കണം: അങ്ങനെ **യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും, ഭൂലോകരുടേയും, അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടിവരും** (2:10, 11). യേശുവിന്റെ മുൻപിൽ മുട്ടുമടക്കുക എന്നാൽ അവനെ ആരാധിക്കുക എന്നർത്ഥം (എഫെ. 3:14). അവൻ സകലത്തെയും വാഴുന്നവനാണെന്നു പരസ്യമായി തുറന്നു സമ്മതിക്കലാണ് "യേശുക്രിസ്തു കർത്താവ് എന്നു ഏറ്റുപറയുന്നത്." അധോലോകത്തിലുള്ളവർ എന്ന പ്രയോഗം അർത്ഥമാക്കുന്നത് "മരിച്ചവർ" ആയിരിക്കാം (റോമർ 14:9 നോക്കുക). "സ്വർഗത്തിലുള്ളവരും, ഭൂമിയിലുള്ളവരും, അധോലോകത്തിലുള്ളവരും" എന്നു പറഞ്ഞിരിക്കുന്നത് യേശു "സർവ്വലോകത്തിന്നും കർത്താവാണ്" എന്നു തെളിയിക്കുന്നു.[16] എല്ലായിടത്തുമുള്ള എല്ലാവരും അവനെ ഏറ്റു പറയും. ഇന്നു പലരും അവനെ ഏറ്റുപറയുവാൻ മടിക്കുന്നുണ്ട്, പക്ഷെ "അവസാനം ... മനസോടെ ആണെങ്കിലും അല്ലെങ്കിലുംഏറ്റു പറയേണ്ടി വരും."[17]

ഇതെല്ലാം **പിതാവായ ദൈവത്തിന്റെ മഹത്വത്തിനാണ്** എന്നു പറഞ്ഞു

കൊണ്ടാണ് വേദഭാഗം അവസാനിപ്പിക്കുന്നത് (2:11). "എല്ലാറ്റിന്റേയും അവസാന ഉദ്ദേശവും ലക്ഷ്യവും ദൈവ മഹത്വമാണ്."[18] അത് ദൈവമഹത്വത്തിനു എന്നു പറയുമ്പോൾ, ക്രിസ്തു മഹത്വപ്പെടുമ്പോൾ ദൈവമാണ് മഹത്വപ്പെടുന്നത് എന്നതാണ് സത്യം. കൂടാതെ അവന്റെ ദൈവിക മാതൃക നിമിത്തവും ദൈവത്തിനു മഹത്വം കൊടുക്കുന്നതായിരുന്നു. ദൈവത്തിന്റെ വാസ്തവത്തിലുള്ള സ്വഭാവം വാങ്ങുന്നതിനേക്കാൾ കൊടുക്കുക എന്നതാണെന്ന് യേശു കാണിച്ചു.

## പ്രായോഗികത

### അയച്ചുകൊടുക്കൽ (2:5–8)

വിശന്നിരിക്കുന്ന ഒരു നായക്ക് ഒരു എല്ലിൻ കഷണം കൊടുത്താൽ, അതിന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് അതിനെ കടിക്കുവാൻ ശ്രമിക്കും. നിങ്ങൾ ആ അസ്ഥി നായുടെ വായിൽനിന്ന് പിടിച്ച് എടുക്കുവാൻ ശ്രമിച്ചാലും, അത് പിടി വിടുകയില്ല. എന്തുകൊണ്ട്? ആ എല്ല് നഷ്ടപ്പെടുവാൻ നായ് ആഗ്രഹിക്കുന്നില്ല! യേശു അതുപോലെ ആയിരുന്നില്ല. തന്റെ സ്വർഗീയ സ്ഥാനം "പിടിച്ചുവെക്കുന്നതിനു" പകരം അയച്ചുകൊടുത്ത് ഭൂമിയിൽ വന്നു നമുക്കായി മരിപ്പാൻ തയ്യാറായി. യേശുവിന്റെ നിസ്വാർത്ഥതയെ കുറിച്ച് വായിക്കുമ്പോൾ, നാം വ്യക്തിപരമായ പ്രായോഗികത നടത്തണം. നിങ്ങളോടു തന്നെ ചോദിക്കുക, "ഞാൻ എന്തെങ്കിലും അയച്ചുകൊടുക്കാതെ, പിടിച്ചുവെച്ചിട്ടുണ്ടോ? എങ്കിൽ അത് അയച്ചുകൊടുത്താൽ ദൈവ സേവക്കായി എന്നെ ഉപയോഗിക്കുകയില്ലേ?"

### യേശു ഭൂമിയിലേക്ക് വരുന്നതിനോടുള്ള സമാന്തരതകൾ (2:5–8)

ഭൂമിയിലേക്ക് വരുവാൻ യേശുവിന് എന്തെല്ലാം ഉപേക്ഷിക്കേണ്ടിവന്നു എന്നു ചിന്തിക്കുക. എന്റെ മനസിലേക്ക് വരുന്ന ചില സമാന്തരതകൾ ഇതാ: ലോകനിലവാരമുള്ള ഒരു കായികാഭ്യാസിക്ക് തന്റെ കാലുകൾ അയച്ചുകൊടുക്കുക എന്നു പറഞ്ഞാൽ എന്താണ്? ഒരു കലാകാരനു തന്റെ കണ്ണുകൾ അയച്ചുകൊടുക്കുക എന്നു പറഞ്ഞാൽ എന്താണ്? നമ്മുടെ കൈകാലുകൾ ഉപയോഗ രഹിതമാകുക എന്നുപറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത് ? ഈ ചോദ്യങ്ങളെല്ലാം ഞാൻ ചോദിക്കുമ്പോഴും, ഏതൊരു താരതമ്യവും പോരാത്തതാണ് എന്നു സമ്മതിക്കുന്നു. സ്വർഗീയ മഹിമകളെല്ലാം ആസ്വദിച്ചിട്ട്, പെട്ടെന്നു അതെല്ലാം ഉപേക്ഷിച്ച്, ബലഹീനവും വഷളാകുന്നതുമായ ജഡം എടുക്കുക എന്നത് എനിക്ക് മനസിലാക്കുവാൻ കഴിയാത്ത ഒന്നാണ്. അത്തരം ത്യാഗത്തിന് തയ്യാറായ ദൈവത്തിനു സ്തോത്രം ചെയ്യുവാൻ മാത്രമെ എനിക്ക് കഴിയു!

### അനുസരണം പഠിച്ചു (2:5–8)

യേശു നിസ്വാർത്ഥമായി, സ്വയം-ഒഴിച്ച്, സഹതാപത്തോടെ, കീഴ്പ്പെട്ടു സേവിപ്പാൻ ത്യാഗമായി തീർന്നതിന് പൗലൊസ് ഊന്നൽ കൊടുപ്പാൻ കാരണം എന്ത്? അത് ക്രിസ്തുവിന് നമ്മോടുള്ള സ്നേഹത്തിനും കരുതലിന്നും അവനെ അനുമോദിക്കുവാൻ മാത്രമായിരുന്നോ? സന്ദേശത്തിൽ നമുക്ക് അതിന്റെ ഫലം ഉണ്ടാകണം. എങ്ങനെയായാലും, തിയറി മാത്രം പഠിപ്പിക്കുക

എന്നതായിരുന്നില്ല പൗലൊസിന്റെ ഉദ്ദേശം, മറിച്ച്, ജീവിതങ്ങളെ മാറ്റുവാനായിരുന്നു. യോജിപ്പും, സമാധാനവും, ഐക്യതയും കൈവരിക്കുവാൻ–അവർ യേശുവിനെ പോലെ ആകണം–എന്നു ഫിലിപ്പിയർ അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. "ക്രിസ്തു മെതിച്ച പാതയിൽ അവന്റെ കാൽപാടുകളെ നോക്കി നടക്കുവാനാണ്" അവൻ അവരെ ആഹ്വാനം ചെയ്തത്.[19] നാമും, യേശുവിന്റെ മനോഭാവമുള്ളവരാകുവാനാണ് പരിശുദ്ധാത്മാവ് നമ്മെ തെര്യപ്പെടുത്തുന്നത്. കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ വെല്ലുവിളി സർവ്വലോകത്തിനുമുള്ളതാണ്:

> ... നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി മറുവില കൊടുപ്പാനും അത്രെ വന്നത് (മർ. 10:43–45).

യേശു പറഞ്ഞു, "ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ. 16:24). നിർഭാഗ്യവശാൽ, നമ്മിൽ പലർക്കും ക്രൂശ് കൂടാതെ കിരീടമാണ് ആഗ്രഹം–അല്ലെങ്കിൽ മറ്റൊരു എഴുത്തുകാരൻ പറഞ്ഞതുപോലെ, നമുക്ക് കഷ്ടാനുഭവം കൂടാതെ അനുഗ്രഹം വേണം.[20] നമ്മുടെ പുറമെയുള്ള ചിന്തകൾ മാറ്റുവാൻ എന്തു പ്രയാസമാണ്!

### അവൻ ജഡമായി തീർന്നു (2:7)

നമുക്ക് വേണ്ടി മരിക്കുവാൻ കഴിയുന്നതിനു മുൻപ് യേശു എന്തിനാണ് ജഡമായി തീർന്നത്? ചേറിൽ വീണുകിടക്കുന്ന ഒരാളെ പിടിച്ചുകയറ്റുവാൻ ചെളിയിൽ ഇറങ്ങാതെ സാധ്യമല്ല, അല്ലെങ്കിൽ വെള്ളത്തിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഒരാളെ രക്ഷിക്കുവാൻ വെള്ളത്തിൽ ഇറങ്ങാതെ സാധ്യമല്ലല്ലൊ[21]–എന്നാൽ ഏതൊരു ചിത്രീകരണവും മതിയായതല്ല. നമുക്ക് പൂർണ്ണമായി മനസിലാക്കുവാൻ കഴിയാത്ത ഒന്നാണ് യേശുവിന് "മനുഷ്യരെ പോലെ ആകേണ്ടിയിരുന്നതിന്റെ ആവശ്യകത."; എന്നാൽ അതാണ് ബൈബിൾ പഠിപ്പിക്കുന്നത്; നാം അത് വിശ്വാസത്താൽ സ്വീകരിക്കണം.

### രാജാവ് സാധാരണക്കാർക്ക് ഇടയിലേക്ക് ഇറങ്ങി വന്നത്

യേശു മനുഷ്യനായി തീർന്നതിന് പോൾ റീസ് ഈ ചിത്രീകരണം നൽകിയിരിക്കുന്നു:

> അനേകം വർഷങ്ങൾക്ക് മുൻപ് ഡ്യൂക്ക് ഓഫ് വിൻഡ്സർ വെയിൽസിലെ രാജകുമാരനായിരുന്നു, അയാൾ ഒരു ദിവസം ബക്കിങ്ഗാം കൊട്ടാരം വിട്ട് പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന കൽക്കരി ഖനിയുള്ള സ്ഥലത്തേക്ക് പോയി. ബ്രിട്ടീഷ് വ്യവസായ ശാഖയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രയാസം മനസിലാക്കുക എന്ന ലക്ഷ്യത്തോടെ ദുർഗന്ധം വമിക്കുന്ന തുരംഗത്തിലേക്ക് ഇറങ്ങി. ലണ്ടനിൽ, അദ്ദേഹം

രാജധാനിയിൽ താമസിച്ചിരുന്നതിനാൽ, ഈ അനുഭവം അദ്ദേഹത്തി നില്ലായിരുന്നു. രാജധാനിയുടെ സുഖലോലുപതയിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു പ്രതലത്തിലേക്ക് ആണ് അവൻ ചെന്നത് എന്നു സമ്മതിച്ചു.[22]

**പ്രോൽസാഹനം (2:9–11)**

അവന്റെ മാതൃക പിൻപറ്റുവാൻ ഫിലിപ്പിയർക്ക് ലഭിച്ചത് യേശു കർത്താവാണ് എന്ന ശക്തമായ മാതൃകയായിരുന്നു. വാക്യം 9 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ മറ്റൊരു കാരണം കൂടെ ഉള്ളതായി ഞാൻ വിശ്വസിക്കുന്നു. യേശു തന്നെത്താൻ താഴ്ത്തിയതുപോലെ നാമും തന്നെത്താൻ താഴ്ത്തി മറ്റുള്ളവരെ ശ്രേഷ്ഠരായി കണ്ടാൽ നമ്മെയും അവസാനം ദൈവം ഉയർത്തും. ഫ്രെഡ് ബി.ക്രാഡോക് ഈ സംക്ഷേപം നൽകിയിരിക്കുന്നു: "അവസാനത്തേത് ഇപ്പോൾ, ആദ്യത്തേത് പിന്നെ."[23] ചിലർ ആ തീർപ്പിനെ എതിർത്തു പറയുന്നത്, അത്തരം ലക്ഷ്യം "പൊള്ളയായതാണ്." എങ്ങനെയായാലും, പ്രതിഫലം എന്ന ആശയം തിരുവെഴുത്തിൽ ഉടനീളം പറയുന്നു (മത്താ. 25:21 നോക്കുക). തരംതാഴ്ത്തലിനു ശേഷം ഉയർത്തൽ ഉണ്ടാകുമെന്ന് പ്രത്യേകമായി വാഗ്ദാനം ചെയ്തിരിക്കുകയാണ് (മത്താ. 23:12; ലൂക്കൊ. 14:11; 18:14; 1 പത്രൊ. 5:6).

നാം ജീവിതം നയിക്കുമ്പോൾ, പ്രശ്നങ്ങൾ നേരിടും, നാം തീരുമാനങ്ങൾ എടുക്കുമ്പോൾ, ചില "വസ്തുതകൾ" പരിഗണിക്കുവാൻ കർത്താവ് പറഞ്ഞിരിക്കുന്നു. എന്താണ് ആ "വസ്തുതകൾ?" *നിത്യതാ* വസ്തുതകളാണ് അവ. ഈ ജീവിതം ഹ്രസ്വവും അനിശ്ചിതവുമാണ് (ഇയ്യോ. 14:1; യാക്കൊ. 4:14 നോക്കുക). തിരഞ്ഞെടുപ്പിനു വിഷമം നേരിടുമ്പോൾ നാം നമ്മോടു തന്നെ ചോദിക്കുക, "നിത്യതയിൽ എന്തെല്ലാമാണ് അനന്തരഫലങ്ങൾ?"

"ക്രിസ്തുയേശുവിൽ ഉള്ള ഭാവം ... തന്നെ നമ്മളിലും ഉണ്ടാകുവാൻ" നാം ഏറ്റവും നന്നായി പരിശ്രമിക്കേണ്ടത് എന്തുകൊണ്ട്? അത് നമ്മുടെ കർത്താവിനെ അനുസരിക്കുവാനും, കർത്താവിന്റെ ശരീരത്തിൽ സമാധാനവും യോജിപ്പും ഉണ്ടാകുവാനുമാണ്. അതേസമയം, നാം നമ്മെത്തന്നെ താഴ്ത്തിയാൽ, ഒരിക്കൽ, നാമും ഉയർത്തപ്പെടും എന്നു തിരിച്ചറിയുന്നത് എത്ര മനോഹരമാണ്!

---

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000) 874. [2]ഫ്രെഡ് ബി.ഗ്രാഡോക്ക്, *ഫിലിപ്പിയൻസ്, ഇന്റർപ്രെട്ടേഷൻ* (അറ്റ്ലാന്റാ: ജോൺ നോക്സ് പ്രസ്, 1985), 38. [3]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്, വേർഡ് ബിബിളിക്കൽ കമെന്ററി*, വാല്യം. 43. (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 76, 79. [4]ഏ. ബി.ബ്രൂസ്, *ദ ഹുമിലിയേഷൻ ഓഫ് ക്രൈസ്റ്റ്*, 5ത് എഡി. (എഡിൻബറോ: ടി & ടി ക്ലാർക്ക്, 1900), 11. [5]ഈ വാക്കുകൾ പഠിക്കുവാൻ വില്യം ഹെൻഡ്രിക്സൺ, *ന്യു ടെസ്റ്റമെന്റ് കമെന്ററി എക്സ്പൊസിഷൻ ഓഫ് ഫിലിപ്പിയൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1962), 104. [6]റിച്ചാർഡ് ബി. ഗഫിൻ, ജൂനിയർ.,

*നോട്ട്സ് ഓൺ ഫിലിപ്പിയൻസ്*, ദ എൻഐവി സ്റ്റഡി ബൈബിൾ, എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷ്ങ് ഹൗസ്, 1985), 1805. [7]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ & സൺസ്, ലിമിറ്റഡ്., 1971), 52. [8]ഇബിഡ്. [9]ജെ. ബി. ലൈറ്റ്ഫുട്ട്, ദ എപ്പിസ്റ്റിൽ ഓഫ് സെന്റ്. പേ ാൾ III: ദ ഫസ്റ്റ് റോമൻ കാപ്റ്റിവിറ്റി I: എപ്പിസ്റ്റിൽ ടു ദ ഫിലിപ്പിയൻസ് (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1913), 134–35. [10]ഇബിഡ്., 45.

[11]ബാവർ, 197. [12]എഫ്. എഫ്.ബ്രൂസ്, *ഫിലിപ്പിയൻസ്, ഗുഡ് ന്യൂസ് കമെന്റേറ്റേഴ്സ്* (സാൻഫ്രാൻസിസ്കോ, കാലിഫ്.: ഹാർപർ ആന്റ് റോ പബ്ലിഷേഴ്സ്, 1983), 47. [13]ഹാവ്ത്രോൺ, 90. [14]ആർക്കിബാൾഡ് റോബെർട്ട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ, ഇൻ വേർഡ് പിക്ച്ചേഴ്സ് ഇൻ ഇൻ ദ ന്യു ടെസ്റ്റമെന്റ്*, വാല്യം. 4 (നാഷ്വിലേ: ബ്രോഡ്മാൻ പ്രസ്, 1931). 445. [15]എഫ്. എഫ്.ബ്രൂസ്, 48, 50; റോബർട്ട്സൺ, 446; ഹിൻ ലോഹ് ആന്റ് യൂജീൻ എ.നിഡ്, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ ഫിലിപ്പിയസ്* (ന്യുയോർക്ക്.: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 63. ആ എഴുത്തുകാരും മറ്റുള്ളവരും പ്രേരിപ്പിക്കുന്ന വിധത്തിൽ "കർത്താവ്" എന്ന തലവാചകത്തിനായി വാദിച്ചിട്ടുണ്ട്. [16]ലോഹ് ആന്റ് നിഡാ, 62. [17]ഗഫിൻ, 1805. [18]ഹെൻഡ്രിക്സൺ, 118. [19]ലോഹ് ആന്റ് നിഡാ, 55. [20]ജെ. എച്ച്. ജോവെറ്റ്, ക്വോട്ടഡ് ഇൻ വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 75.

[21]മാൻഫോർഡ് ജോർജ് ഗട്ട്സ്കെ, *പ്ലെയിൻ ടാക്ക് ഇൻ ഫിലിപ്പിയൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1973), 89. [22]പോൾ എസ്.റീസ്, *ദ എപ്പിസ്റ്റിൽ ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ് ആന്റ് ഫിലെമോൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1964), 44.[23]ക്രാഡോക്ക്, 42.